# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 01/ 03/ 2018


## കൊല്ലം സിറ്റി പോലീസ് ആസ്ഥാനത്ത് പഞ്ചിംഗ് സംവിധാനം ആരംഭിക്കുച്ചു.



കൊല്ലം : കൊല്ലം സിറ്റി പോലീസ് ഓഫീസിലെ ജീവനക്കാർക്ക് ഹാജർ രേഖപ്പെടുത്തുതിനായി 2018 മാർച്ച് 1 മുതൽ പഞ്ചിംഗ് സംവിധാനം ആരംഭിച്ചു. കേരളത്തിലെ ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ ആദ്യമായി കൊല്ലം സിറ്റി പോലീസ് ഓഫീസിലാണ് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുത്. പ്രവർത്തന മികവിന് കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിനു ISO 9001 : 2015 പദവി പദവി ലഭിച്ചിരുന്നു. പൊതുജനങ്ങൾക്കും പോലീസ് സേനാംഗങ്ങൾക്കും ലഭിക്കേണ്ട സേവനം മികവുറ്റ രീതിയിൽ കാര്യക്ഷമമായി നൽകിയതിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചതിനാലാണ് കൊല്ലം സിറ്റി ജില്ലാ പോലീസ് ആഫീസിനു ഈ അംഗീകാരം നേടുന്നതിന് സാധ്യമായത്. ഓഫിസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുതിന്റെ ഭാഗമായാണ് പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചതെന്ന് സിറ്റി പോലീസ് മേധാവി ഡോ. ശ്രീനിവാസ് ഐപിഎസ് അറിയിച്ചു.



കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിൽ 01.03.2018 ന് രാവിലെ 10 മണിക്ക് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ. ശ്രീനിവാസ്. എ, ഐ പി എസ് പഞ്ചിംഗ് സംവിധാനത്തിന്റെ ഉത്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി. ശ്രീ ഷിഹാബുദ്ദീൻ, കൊല്ലം സിറ്റി പോലീസ് ഭരണവിഭാഗം മേധാവി എ.സി.പി. ശ്രീ രാജൻ, അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റ് ശ്രീ ഹേമചന്ദ്രൻ, എന്നിവർ ആശംസകൾ അർപ്പിച്ചു.